നമ്പർ – ഡി.എസ്ജെ.ഓ./ഡി / 7446/ 2017.　　　　വിവരാവകാശ നിയമം 2005 / മറുപടി

ജില്ലാ സാമൂഹ്യ നീതി ഓഫീസറുടെ
കാര്യാലയം, പൂജപ്പുര 695012
ഫോൺ : 0471-2343241
ഇ മെയിൽ -dswotvmswd@gmail.com
തീയതി : /02/2018

.ഒന്നാം അപ്പലേറ്റ് അതോറിറ്റി &
ജില്ലാ സാമൂഹ്യ നീതി ഓഫീസർ
തിരുവനന്തപുരം

കെ ആർ സന്തോഷ് കുമാർ
കുഞ്ചു കൊണം
കിഴക്കേക്കര പുത്തൻ വീട്
താന്നിമൂട് പി ഓ
തിരുവനന്തപുരം. 695123

സർ,

വിഷയം : - സാമൂഹ്യ നീതി വകുപ്പ് - ജില്ലാ സാമൂഹ്യ നീതി ഓഫീസ്, തിരുവനന്തപുരം –വിവരാവകാശ നിയമം 2005 - കെ ആർ സന്തോഷ് കുമാർ സമർപ്പിച്ച അപ്പീൽ അപേക്ഷ - മറുപടി സംബന്ധിച്ച :-

സൂചന
1) കെ ആർ സന്തോഷ് കുമാർ 13/11/2017 ൽ സമർപ്പിച്ച വിവരാവകാശ അപ്പീൽ അപേക്ഷ.
2) ഈ കാര്യാലയത്തിലെ 15/12/2017 ലെ ഇതേ നമ്പർ കത്ത് .
3) ഈ കാര്യാലയത്തിലെ 26/12/2017 ലെ ഇതേ നമ്പർ കത്ത്
4) അതിയന്നൂർ ശിശു വികസന പദ്ധതി ഓഫീസറുടെ 5/1/2018 ലെ A/360/2017 നമ്പർ കത്ത്.
5) ഈ കാര്യാലയത്തിലെ 23/01/2018 ലെ ഇതേ നമ്പർ കത്ത്.
6) അതിയന്നൂർ ശിശു വികസന പദ്ധതി ഓഫീസറുടെ 3/2/2018 ലെ A/360/2017 നമ്പർ കത്ത്.

സൂചന (1) ലെ താങ്കളുടെ വിവരാവകാശ അപ്പീൽ അപേക്ഷ യുടെ അടിസ്ഥാനത്തിൽ 21/12/2017 ൽ അതിയന്നൂർ ശിശു വികസന പദ്ധതി ഓഫീസറെ വിളിച്ചവരുത്തി താങ്കൾക്കും ശിശുവികസന പദ്ധതി ഓഫീസർക്കും ഇതു സംബന്ധിച്ച പറയാനുള്ളത് കേൾക്കുകയുണ്ടായി. ശ്രീമതി സിന്ധു എസ് , കുഞ്ചുകോണം ,താന്നിമൂട് പി ഓ, അംഗൻവാടി വർക്കർ താൽക്കാലിക നിയമനത്തിന് സമർപ്പിച്ച അപേക്ഷയുടെയും, അനുബന്ധ രേഖക ളുടെയും പകർപ്പ് ലഭ്യമാക്കണമെന്ന താങ്കളുടെ ആവശ്യം പരിഗണിച്ച് ടി രേഖകൾ ആവശ്യപ്പെട്ട സൂചന (3) പ്രകാരം അതിയന്നൂർ ശിശു വികസന പദ്ധതി ഓഫീസർക്ക് കത്ത് നൽകുകയുണ്ടായി .ടി അപേക്ഷയും അനുബന്ധ രേഖകളും നശിച്ചുപോയതായും അതിനാൽ അവയുടെ പകർപ്പ് ലഭ്യമല്ല എന്ന് സൂചന (4) പ്രകാരം ശിശു വികസന പദ്ധതി ഓഫീസർ അറിയിക്കുകയുണ്ടായി . ടി രേഖകൾ

കണ്ടെടുക്കുന്നതിന് ശ്രമിക്കണമെന്നാവശ്യപ്പെട്ട് ശിശുവികസന പദ്ധതി ഓഫീസ സർക്ക് സൂചന (5) പ്രകാരം കാത്തു വീണ്ടും നൽകുകയുണ്ടായി. ടി കാര്യാലയത്തിലെ ബന്ധപ്പെട്ട ഫയലുകളും രേഖകളും രജിസ്റ്ററുകളും പരിശോധിച്ചതിൽ ശ്രീമതി സിന്ധു. എസ്. 19/12/2017 ൽ 214 -ാം നമ്പർ അംഗൻവാടിയിൽ താൽക്കാലിക അംഗൻവാടി വർക്കറാ യിനിയമിക്കപെട്ടതായി മനസ്സിലാക്കുന്നതായും എന്നാൽ ടി യാൾ നിയമനത്തിനായി സമർപ്പിച്ച അപേക്ഷയോ അനുബന്ധ രേഖകളോ പരിശോധനയിൽ കണ്ടു കിട്ടാൻ സാധിച്ചില്ല എന്നും ടി യാൾക്ക് താൽക്കാലികനിയമനം നൽകിയിട്ട പത്തു വർഷത്തിലധികമായി എന്ന് കാണുന്നതായുംഫയലുകൾ സൂക്ഷിക്കുന്ന ടി കാര്യാലയത്തിലെ മുറി ഷീറ്റ് ഇട്ടിരുന്നതിനാൽ കാലപ്പഴക്കം മൂലം ചോർന്നൊലിച്ച ഫയലുകൾ കേടു പറ്റിയതാകാമെന്നും ശിശു വികസന പദ്ധതി ഓഫീസർ അറിയിച്ചിട്ടുണ്ട്.

മേൽ കാരണങ്ങളാൽ താങ്കൾ ആവശ്യ പ്പെട്ടെ രേഖകളുടെ പകർപ്പ് നല്കാൻ കഴിയുകയില്ല, എന്ന് അറിയിക്കുന്നു ശ്രീമതി സിന്ധു എസ് ന്റെ താൽക്കാലിക നിയമനം സംബന്ധിച്ച വിശദാംശം രേഖപ്പെടുത്തി അതിയന്നൂർ ശിശുവികസന പദ്ധതി ഓഫീസിൽ നിന്നും ലഭിച്ച കത്തുകളുടെ പകർപ്പുകൾ ഇതോടൊപ്പം അയക്കുന്നു.

മറുപടി താങ്കൾക്ക് തൃപ്തികരമല്ലെങ്കിൽ രണ്ടാം അപ്പലേറ്റ് അതോറിറ്റിയായ സംസ്ഥാന വിവരാവകാശ കമ്മീഷണർ ,പുന്നൻ റോഡ്, തിരുവനന്തപുരം . എന്ന മേൽവിലാസത്തിൽ അപ്പീൽ അപേക്ഷ നൽകാവുന്നതാണ്.

വിശ്വസ്തതയോടെ

Rajan

L. Rajan.

.ഒന്നാം അപ്പലേറ്റ് അതോറിറ്റി &
ജില്ലാ സാമൂഹ്യ നീതി ഓഫീസർ
തിരുവനന്തപുരം

No. ICDS/A/360/17 05-01-2018

ശിശുവികസന പദ്ധതി ആഫീസർ
അതിയന്നൂർ

പബ്ലിക് ഇൻഫർമേഷൻ ആഫീസർ &
ജില്ലാ സാമൂഹ്യനീതി ആഫീസർ
തിരുവനന്തപുരം

സർ,

വിഷയം : സാമൂഹ്യനീതി വകുപ്പ് – ഐ.സി.ഡി.എസ്. അതിയന്നൂർ – വിവരാവകാശ നിയമം 2005 – ശ്രീ. ജെ.ആർ. സന്തോഷ്കുമാർ സമർപ്പിച്ച വിവരാവകാശ അപ്പീൽ അപേക്ഷ – സംബന്ധിച്ച്

സൂചന : ജില്ലാ സാമൂഹ്യനീതി ആഫീസറുടെ 26–12–2017 ലെ DSJO/D/7446/2017 –ാം നമ്പർ കത്ത്

വിവരാവകാശ അപ്പീൽ അപേക്ഷ പ്രകാരം ശ്രീ. ജെ.ആർ. സന്തോഷ്കുമാർ എന്നയാളുടെ അപേക്ഷയിന്മേൽ സൂചനയിൽ ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. ഈ ആഫീസിലെ ബന്ധപ്പെട്ട ഫയലുകളും രേഖകളും രജിസ്റ്ററുകളും പരിശോധിച്ചതിൽ ശ്രീമതി സിന്ധു.എസ്, അനന്തു ഭവൻ, കുഞ്ചുകോണം, താന്നിമൂട് പി.ഒ. എന്നയാൾക്ക് 19–12–2007 ൽ 214–ാം നമ്പർ അങ്കണവാടിയിൽ താൽക്കാലിക അങ്കണവാടി വർക്കർ ആയി നിയമിക്കപ്പെട്ടതായി മനസ്സിലാക്കുവാൻ സാധിച്ചു. എന്നാൽ ടിയാൾ നിയമനത്തിനായി സമർപ്പിച്ച അപേക്ഷയോ അനുബന്ധ രേഖകളോ ഒന്നും തന്നെ പരിശോധനയിൽ കണ്ടുകിട്ടാൻ സാധിച്ചില്ല. ടിയാൾക്ക് അങ്കണവാടി വർക്കറായി താൽക്കാലിക നിയമനം നൽകിയിട്ട് പത്തു വർഷത്തിലധികമായി എന്നു കാണുന്നു. അതിയന്നൂർ ഐ.സി.ഡി.എസ്. ആഫീസിലെ ഫയലുകൾ സൂക്ഷിച്ചിരുന്ന മുറി ഷീറ്റ് ഇട്ടിരുന്നതിനാൽ കാലപ്പഴക്കം മൂലം ചോർന്നൊലിച്ച് ഫയലുകൾ മിക്കതും കേടുപാടുകൾ സംഭവിച്ചതുമൂലം രേഖകൾ നഷ്ടപ്പെട്ടുപോകാനും സാധ്യതയുണ്ട്. വീണ്ടും പരിശോധിച്ചതിൽനിന്നും ടിയാൾ സമർപ്പിച്ച അപേക്ഷ കണ്ടെത്താൻ കഴിഞ്ഞിട്ടില്ലായെന്ന് വിനീതമായി അറിയിക്കുന്നു.

2. 01–06–2006 ലെ സാമൂഹ്യക്ഷേമ (ബി) വകുപ്പ് സർക്കാർ ഉത്തരവു (സാ.ധാ) നം.237/06/ സാ.ക്ഷേ.വ. പ്രകാരം മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് ശ്രീമതി. സിന്ധുവിന് താൽക്കാലിക നിയമനം നൽകിയതായാണ് മനസ്സിലാക്കുന്നത്. അന്നു മുതൽ ടിയാൾ അക്വിറ്റൻസ് പ്രകാരം കൈപ്പറ്റിയ ഹോണറേറിയത്തിന്റെ സാക്ഷ്യപ്പെടുത്തിയ സ്റ്റേറ്റ്മെന്റും ഇതോടൊപ്പം സമർപ്പിക്കുന്നു.

വിശ്വസ്തതയോടെ,

(ഒപ്പ്) 6.1.18

ശിശുവികസന പദ്ധതി ആഫീസർ
അതിയന്നൂർ

## ഹോണറേറിയം കൈപ്പറ്റിയതിന്റെ സ്റ്റേറ്റ്മെന്റ്

| ജോലി ചെയ്ത മാസങ്ങൾ | ഹോണറേറിയം |
|---|---|
| 12/07 ........... | ...... 450/- |
| 01/08 ........... | ...... 1200/- |
| 02/08 ........... | ...... 1224/- |
| 03/08 ........... | ...... 1100/- |
| 04/08 ........... | ...... 1240/- |
| 05/08 ........... | ...... 750/- |
| 10/08 ........... | ...... 1050/- |
| 11/08 ........... | ...... 1240/- |
| 12/08 ........... | ...... 1200/- |
| 01/09 ........... | ...... 1587/- |
| 06/09 ........... | ...... 1708/- |
| 07/09 ........... | ...... 1653/- |
| 08/09 ........... | ...... 1587/- |
| 09/09 ........... | ...... 1162/- |
| 02/10 ........... | ...... 1538/- |
| 03/10 ........... | ...... 1719/- |
| 04/10 ........... | ...... 547/- |
| 06/10 ........... | ...... 1708/- |

| ജോലി ചെയ്ത മാസങ്ങൾ | ഹോണറേറിയം |
|---|---|
| 03/11 ........... | ...... 1653/- |
| 04/11 ........... | ...... 1367/- |
| 05/11 ........... | ..... 2050/- |
| 06/11 ........... | ..... 2050/- |
| 07/11 ........... | ...... 992/- |
| 12/11 ........... | ..... 4000/- |
| 05/12 ........... | ...... 646/- |
| 06/12 ........... | ..... 4000/- |
| 07/12 ........... | ...... 3870/- |
| 08/12 ........... | ..... 4000/- |
| 09/12 ........... | ..... 4000/- |
| 11/12 ........... | ...... 667/- |
| 05/14 ........... | ...... 4032/- |
| 06/14 ........... | ..... 4000/- |
| 07/14 ........... | ...... 3710/- |
| 08/14 ........... | ...... 4032/- |
| 09/14 ........... | ..... 3500/- |
| 10/14 ........... | ...... 3710/- |

അങ്കണവാടി വർക്കർമാരുടെ അക്വിറ്റൻസും മറ്റു അനുബന്ധ രേഖകളും പരിശോധിച്ചതിൽ നിന്നും ശ്രീമതി. സിന്ധു.എസ് മുകളിൽ രേഖപ്പെടുത്തിയിട്ടുള്ള ഹോണറേറിയം കൈപ്പറ്റിയതായി ഇതിനാൽ സാക്ഷ്യപ്പെടുത്തിക്കൊള്ളുന്നു.

6.1.18

Child Development Project Office
I C D S Athiyannoor, Block Office Compou
Aralummood. P.O. 695 123
Thiruvananthapuram